ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.10.2025** **TIME : 7.25 PM**

## പ്രധാന വാർത്തകൾ

1. നിക്ഷേപവും വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിൽ ഫലപ്രദമായ പോലീസിംഗ് സംവിധാനം പ്രധാനമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Draupadi Murmu has said that an effective policing system is important in promoting investment and growth.**

2. പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്കരണം കേരളമടക്കം 12 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി രണ്ടാം ഘട്ടത്തിൽ നടപ്പാക്കുമെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ.

   **The Central Election Commission has announced that the special voters' list revision will be implemented in the second phase in 12 states and union territories, including Kerala.**

3. അടുത്ത വർഷം മാർച്ച് മാസത്തോടെ രാജ്യത്തുനിന്നും നക്സലിസം ഇല്ലാതാക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ.

   **Home Minister Amit Shah has said that the central government is committed to eradicating Naxalism from the country by March next year.**

4. ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുമായി ബന്ധപ്പെട്ടു രജിസ്റ്റർ ചെയ്ത FIR വിവരങ്ങൾ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടു സംസ്ഥാനങ്ങൾക്കും, കേന്ദ്രഭരണപ്രദേശങ്ങൾക്കും സുപ്രീം കോടതിയുടെ നോട്ടീസ്.

   **The Supreme Court has issued notice to states and union territories asking them to submit details of FIRs registered in connection with the digital arrest scam.**

5. ഈ വർഷത്തെ നാവിക സേനാ ദിനാഘോഷങ്ങൾ തിരുവനന്തപുരം ശംഖുമുഖ ത്ത് സംഘടിപ്പിക്കും. നാവികസേനാ മേധാവി ദിനേഷ് ത്രിപാഠി പങ്കെടുക്കും.

This year's Navy Day celebrations will be held at Shankhumukham, Thiruvananthapuram. Navy Chief Dinesh Tripathi will participate.

6. കേരളത്തിലെ വിവിധ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യത. ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. മോൻതാ ചുഴലിക്കാറ്റ് നാളെ രാവിലെയോടെ ആന്ധ്രാ തീരം തൊടും.

Heavy rain likely in various districts of Kerala. Orange alert in six districts. Cyclone Monta will hit Andhra coast by tomorrow morning.

&&&&&&&&&&&&&&&&&&&&&&&&&

## POI- IPS

നിക്ഷേപവും വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിൽ ഫലപ്രദമായ പോലീസിംഗ് സംവിധാനം പ്രധാനമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു .ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി. ഇന്ത്യൻ പോലീസ് സർവീസിലെ പ്രൊബേഷനറി ഓഫീസർമാർമാരുമായി ആശയവിനിമയം നടത്തുകയായിരുന്നു രാഷ്ട്രപതി.പോലീസിംഗ് മേഖലയെ, സാങ്കേതികവിദ്യ ഗണ്യമായി മാറ്റിമറിച്ചു. നിർമ്മിതബുദ്ധി ഉൾപ്പെടെയുള്ള നൂതന സങ്കേതങ്ങൾ സ്വീകരിക്കുന്നതിൽ ഐപിഎസ് ഉദ്യോഗസ്ഥർ മുന്നിലായിരിക്കണമെന്നും രാഷ്ട്രപതി നിർദേശിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## VP - TN

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ നാളെ മുതൽ വ്യാഴാഴ്ച വരെ തമിഴ്നാട് സന്ദർശിക്കും . കോയമ്പത്തൂർ, തിരുപ്പൂർ, മധുര, രാമനാഥപുരം എന്നിവിടങ്ങളിലെ വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. നാളെ കോയമ്പത്തൂരിൽ എത്തുന്ന ഉപരാഷ്ട്രപതി . ടൗൺ ഹാൾ കോർപ്പറേഷൻ കെട്ടിടത്തിലെ മഹാത്മാഗാന്ധി പ്രതിമയിൽ ആദരം അർപ്പിക്കും. വൈകുന്നേരം തിരുപ്പൂരിലെത്തുന്ന അദ്ദേഹം തിരുപ്പൂർ കുമാരനും

മഹാത്മാഗാന്ധിക്കും പുഷ്പാർച്ചന അർപ്പിക്കും.മറ്റന്നാൾ തിരുപ്പൂരിൽ നടക്കുന്ന അനുമോദന ചടങ്ങിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&&&&

## HM - NAXAL

2026 മാർച്ച് 31-നകം രാജ്യത്തുനിന്നും നക്സലിസം ഇല്ലാതാക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ.ഛത്തീസ്ഗഡിലെ കാങ്കർ ജില്ലയിൽ 21 മാവോയിസ്റ്റുകൾ ആയുധം വെച്ചു കീഴടങ്ങിയതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു.അക്രമം ഉപേക്ഷിച്ച് മുഖ്യധാരയിലേക്ക് വന്നതിന് അവരെ അഭിനന്ദിക്കുന്നതായി ആഭ്യന്തരമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## REV. JAISHANKAR-MEETINGS

ആസിയാൻ ഉച്ചകോടിയുടെ ഭാഗമായി വിദേശകര്യമന്ത്രി എസ് ജയ്ശങ്കർ വിവിധ രാഷ്ട്ര നേതാക്കളുമായി കൂടിക്കാഴ്ച നടത്തി. മലേഷ്യൻ വിദേശകാര്യ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഉഭയകക്ഷി സഹകരണം, മ്യാന്മർ അടക്കമുള്ള വിഷയങ്ങൾ ചർച്ച ആയതായും ശ്രീ.ജയ്ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു. ന്യൂസിലാൻഡ് പ്രധാനമന്ത്രി,യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർകോ റൂബിയോ എന്നിവരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&&&&&&&&

## PM ARTICLE

ഒരു ജില്ല, ഒരു ഉത്പന്നം കാഴ്ചപാടിൻറെ ഭാഗമായ സംരംഭങ്ങൾ കർഷകരെ ശാക്തീകരിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രാദേശികതലത്തിൽ തൊഴിൽ സൃഷ്ടിക്കുകയും ഗ്രാമീണ സ്വയം പര്യാപ്തത പ്രോത്സാഹിപ്പിക്കുകയും ഇതിലൂടെ ചെയ്യുന്നതായി അദ്ദേഹം പറഞ്ഞു. കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻറെ ലേഖനം സാമൂഹ്യമാധ്യമത്തിൽ പങ്കുവച്ച പ്രധാനമന്ത്രി, ആഭ്യന്തര ഭക്ഷ്യസംസ്കരണശേഷി ശക്തിപ്പെടുത്തുന്നത് രാജ്യ സുരക്ഷയ്ക്ക് പ്രധാനമാണെന്നും കുറിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## EC SIR (INTRO)

പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്കരണം കേരളമടക്കം 12 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി രണ്ടാം ഘട്ടത്തിൽ നടപ്പാക്കുമെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർ പട്ടിക തെറ്റില്ലാത്തതും സുതാര്യവുമായിരിക്കാനാണ് പരിഷ്കരണമെന്ന് ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു.

വിവിധ ഘട്ടങ്ങളായി ആയിരിക്കും ഇത് നടപ്പാക്കുക. പരിഷ്കരണം നടക്കുന്ന സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഇന്ന് അർദ്ധരാത്രി മുതൽ വോട്ടർ പട്ടിക മരവിപ്പിക്കും. പേര് ചേർക്കൽ പ്രക്രിയ നവംബർ നാലിന് ആരംഭിക്കും. കരട് പട്ടിക ഡിസംബർ ഒൻപതിനും അന്തിമ പട്ടിക ഫെബ്രുവരി ഏഴിനും പ്രസിദ്ധീകരിക്കും.
(വോയ്സ്)

&&&&&&&&&&&&&&&&&&&&&&&&&

## DIGITAL ARREST

ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുമായി ബന്ധപ്പെട്ടു രജിസ്റ്റർ ചെയ്ത FIR വിവരങ്ങൾ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടു സംസ്ഥാനങ്ങൾക്കും, കേന്ദ്രഭരണപ്രദേശങ്ങൾക്കും സുപ്രീം കോടതി നോട്ടീസ് അയച്ചു.ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പിലൂടെ രാജ്യത്തെ ജനങ്ങൾക്ക് ലക്ഷക്കണക്കിന് രൂപ നഷ്ടപ്പെടുന്നതായി നിരീക്ഷിച്ച പരമോന്നത കോടതി, ഇതുസംബന്ധിച്ച എല്ലാ കേസുകളും സിബിഐ യ്ക്ക് കൈമാറുന്നത് പരിഗണിക്കേണ്ടതുണ്ടെന്നും പറഞ്ഞു. രാജ്യത്തുടനീളമുള്ള ഇത്തരം കേസുകൾ അന്വേഷിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ തങ്ങൾക്കുണ്ടോ എന്നത് സംബന്ധിച്ച് സിബിഐ മറുപടി നൽകണമെന്നും സുപ്രീം കോടതി ആവശ്യപ്പെട്ടു .

&&&&&&&&&&&&&&&&&&&&&&&&&

## PREZ – K R NARAYANAN

മുൻ രാഷ്ട്രപതി കെ.ആർ നാരായണൻറെ ജന്മവാർഷിക ദിനത്തിൽ രാഷ്ട്രപതി ഭവനിൽ നടന്ന പരിപാടിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## PM - RUN FOR UNITY

സർദാർ വല്ലഭായ് പട്ടേലിൻ്റെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഒക്ടോബർ 31-ന് നടക്കുന്ന റൺ ഫോർ യൂണിറ്റിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളോട് ആഹ്വാനം ചെയ്തു. സർദാർ പട്ടേൽ വിഭാവനം ചെയ്ത ഐക്യത്തിൻ്റെ ദർശനത്തെ ആദരിക്കണമെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമമായ എക്സിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## NAVY DAY

ഈ വർഷത്തെ നാവിക സേനാ ദിനാഘോഷങ്ങൾ തിരുവനന്തപുരം ശംഖുമുഖത്ത് സംഘടിപ്പിക്കുമെന്ന് കേരളത്തിലെ നേവൽ ഓഫീസർ ഇൻ ചാർജ്ജ് കമഡോർ വർഗീസ് മാത്യു വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നാവികസേനാ മേധാവി ദിനേഷ് ത്രിപാഠി പങ്കെടുക്കും. അടുത്ത മാസം 8 മുതൽ 11 വരെ കൊച്ചിയിൽ കപ്പൽ സന്ദർശനം ഉൾപ്പെടെ പൊതുജങ്ങൾക്കായി വിവിധ പരിപാടികൾ ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നേവി ബാൻഡ് ഷോയും ഉണ്ടാകും.

&&&&&&&&&&&&&&&&&&&&&&&&&

## INDIA MARITIME WEEK (INTRO)

സമീപ വർഷങ്ങളിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ഘടനാപരമായ പരിഷ്കാരങ്ങളിലൂടെ ഇന്ത്യ ശക്തമായ സമുദ്ര ശക്തിയായി ഉയർന്നുവരുകയാണെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ. മുംബൈയിൽ ഇന്ത്യ മാരിടൈം വീക്ക് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സുരക്ഷ,സ്ഥിരത, സ്വയം പര്യാപ്തത എന്നിവയിലാണ് ഇന്ത്യയുടെ സമുദ്ര ദർശനം കേന്ദ്രീകരിച്ചിരിക്കുന്നതെന്ന് അദ്ദേഹം എടുത്തു പറഞ്ഞു. നിക്ഷേപകർക്കായുള്ള ഇന്ത്യയുടെ സമുദ്ര സാധ്യതകളേക്കുറിച്ചും കേന്ദ്രമന്ത്രി വിശദീകരിച്ചു.
(വോയ്സ്)

&&&&&&&&&&&&&&&&&&&&&&&&&

## MONTHA CYCLONE

കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ് . കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും, കർണാടക തീരത്ത് വ്യാഴാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.അതേസമയം, ബംഗാൾ ഉൾക്കടലിൽ 'മോൻതാ' ചുഴലിക്കാറ്റ് രൂപപ്പെട്ടു.വടക്കുപടിഞ്ഞാറ് ദിശയിൽ നീങ്ങുന്ന ചുഴലിക്കാറ്റ് , നാളെ രാവിലെയോടെ തീവ്ര ചുഴലിക്കാറ്റായി ആന്ധ്രാ തീരത്ത് മച്ചിലിപട്ടണംത്തിനും കാലിംഗപട്ടണത്തിനും ഇടയിൽ , മണിക്കൂറിൽ പരമാവധി 110 കിലോമീറ്റർ വരെ വേഗതയിൽ കാക്കിനടക്കു സമീപം കര തൊടാൻ സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അറിയിച്ചത് .

&&&&&&&&&&&&&&&&&&&&&&&&&

## GEORGE KURIAN - PALAKKAD

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിഷനും മിഷനുമാണ് 2047 ൽ ഇന്ത്യയെ ഒരു വികസിത രാജ്യമാക്കി മാറ്റുക എന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ . പാലക്കാട് നഗരസഭയുടെ വിവിധ വികസന പദ്ധതികൾ ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗർഭാവസ്ഥ മുതൽ വാർദ്ധക്യം വരെ കരുതലായി കേന്ദ്ര സർക്കാരുണ്ട്. ജനങ്ങളുടെ ജീവിതത്തിന്റെ എല്ലാ മേഖലയിലും കരുതലാകുന്ന പദ്ധതികളാണ് നരേന്ദ്ര മോദി സർക്കാർ രാജ്യത്ത് നടപ്പിലാക്കുന്നത്. 140 കോടി ജനങ്ങളെയും മുന്നിൽ കണ്ടാണ് സർക്കാർ ഓരോ പദ്ധതിയും നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&

## VAYALAR AWARD

49-ാമത് വയലാർ സാഹിത്യ പുരസ്കാരം ഇ സന്തോഷ് കുമാറിന് സമ്മാനിച്ചു.തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ

വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ് അംഗങ്ങളിൽ നിന്ന് അദ്ദേഹം പുരസ്കാരം സ്വീകരിച്ചു. തപോമയിയുടെ അച്ഛൻ എന്ന പുസ്തകത്തിനാണ് പുരസ്കാരം. ഒരുലക്ഷം രൂപയും, പ്രശസ്തിപത്രവും, പ്രശസ്ത ശിൽപ്പി കാനായി കുഞ്ഞിരാമൻ രൂപകൽപ്പന ചെയ്ത ശിൽപവും അടങ്ങിയതാണ് പുരസ്കാരം.

&&&&&&&&&&&&&&&&&&&&&&&&&

## KERALA - SCHOOL SPORTS

67 ആമത് സംസ്ഥാന സ്കൂൾ കായികമേളയിൽ കിരീടമുറപ്പിച്ച് തിരുവനന്തപുരം ജില്ല. ഭൂരിഭാഗം മത്സരങ്ങളും പൂർത്തിയായപ്പോൾ 1779 പോയിൻറാണ് ആതിഥേയർക്കുള്ളത്. അതേ സമയം അത്ലറ്റിക്സിൽ പാലക്കാടിനെ മറി കടന്ന് മലപ്പുറം ഒന്നാം സ്ഥാനത്തെത്തി. എട്ട് ദിവസം നീണ്ട കായികമേളയ്ക്ക് നാളെ സമാപനമാകും. വൈകുന്നേരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങ് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&&&&&&&

## PM - SRI

പി എം ശ്രീ വിഷയത്തിൽ തങ്ങൾ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായില്ലെന്ന് സി പി ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ച്ചയ്ക്ക് ശേഷം പ്രതികരിക്കുകയായിരുന്നു അദ്ദേഹം. പ്രശ്നങ്ങൾ ഇപ്പോഴും ബാക്കിയാണെന്നും അടുത്ത ഘട്ടം പിന്നീട് അറിയിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&&

## AMIT-SHAH-MAZAGAON

അടുത്ത 5 വർഷത്തിനുള്ളിൽ രാജ്യവ്യാപകമായി 200 ആഴക്കടൽ മത്സ്യബന്ധനകപ്പലുകൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.
സഹകരണാടിസ്ഥാനത്തിലായിരിക്കും ഇവയുടെ വിതരണം. മുംബായ് മസഗോൺ ഡോക്കിൽ പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന പ്രകാരം ഗുണഭോക്താക്കൾക്ക് രണ്ട് ആഴക്കടൽ മത്സ്യബന്ധന കപ്പലുകൾ വിതരണം ചെയ്ത്

സംസാരിക്കുകയായിരുന്നു മന്ത്രി. സമുദ്രോത്പന്നങ്ങൾ ശേഖരിച്ച്, സംസ്കരിച്ച് കയറ്റുമതി ചെയ്യുന്നതിനായി സമഗ്ര പദ്ധതി ആവിഷ്കരിക്കാനും കേന്ദ്രസർക്കാർ ഒരുങ്ങുകയാണെന്ന് ശ്രീ അമിത് ഷാ പറഞ്ഞു. ഇതിലൂടെ രാജ്യത്തെ മീൻപിടുത്ത മേഖല ശക്തിപ്പെടുകയും മത്സ്യതൊഴിലാളികൾക്ക് കൃത്യമായി ലാഭം കിട്ടുകയും ചെയ്യും.

&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&